(ബി) നിവേദനത്തിലെ ആവശ്യങ്ങൾ സഹകരണ സംഘം രജിസ്ട്രാർ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

സഹകരണ നിയമത്തിലെ അപര്യാപ്തത പരിഹരിക്കാൻ നടപടി

1868 [2911] ശ്രീ. പി. വി. മുഹമ്മദ്:
,, കെ. പി. എ. മജീദ്:
,, കെ. പി. ആർ. രാമൻ:
,, പി. എം. അബൂബക്കർ:
,, സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള സഹകരണ നിയമത്തിന് എന്തെങ്കിലും അപാകതയോ, അപര്യാപ്തതയോ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിനുള്ള ഭേദഗതി ഈ നിയമസഭയിൽതന്നെ അവതരിപ്പിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഭേദഗതി നിയമസഭയിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു.

സഹകരണ സംഘം ജീവനക്കാരുടെ സേവന-വേതന പരിഷ്കാരം

1869 [2912] ശ്രീ. കെ. പുരുഷോത്തമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സഹകരണ സംഘം ജീവനക്കാരുടെ സേവനം, വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സഹകരണ സംഘം ജീവനക്കാരുടെ സംഘടനകൾ ഈ ആവശ്യമുന്നയിച്ച് നിവേദനങ്ങൾ നൽകിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തെങ്കിലും നടപടി എടുത്തോ;

(ഡി) നിയമനങ്ങൾ, പ്രമോഷൻ എന്നിവയെ സംബന്ധിച്ച് കേരള ഹൈക്കോടതിയിൽ നിന്നും ഇതിടെ ഉണ്ടായ വിധി, ചട്ടങ്ങൾ നടപ്പിൽ വരുന്നതിനു മുമ്പ് നിയമിതരായ ജീവനക്കാരുടെ പ്രമോഷൻ അവകാശങ്ങളെ പ്രതികൂലമായി, ബാധിച്ചതായി. സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇതു പരിഹരിക്കുന്നതിന് നടപടികളെടുക്കുമോ?

ഉത്തരം

(എ) സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലുള്ള സഹകരണ സംഘം ജീവനക്കാരുടെ ശമ്പളവും മറ്റാലവൻസുകളും പരിഷ്കരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചുകഴിഞ്ഞു.

(ബി) ഉണ്ട്.

(സി) നടപടി എടുത്തു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രമോഷൻ അവകാശങ്ങളെ പ്രതികൂലമായി ബാധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

പലിശ സബ്സിഡി

1870 [2913] ശ്രീമതി കെ. ആർ. ഗൗരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വായ്പാ ഗഡുക്കളും മുടക്കം കൂടാതെ തിരിച്ചടയ്ക്കുന്നവർക്ക് പലിശ സബ്സിഡി നൽകുന്ന സമ്പ്രദായം ഇപ്പോൾ ഉണ്ടോ;

(ബി) എങ്കിൽ ഇതനുസരിച്ച് 1982-83, 1983-84, 1984-85, 1985-86, 1986-87 എന്നീ ഓരോ വർഷവും സബ്സിഡി ഇനത്തിൽ നൽകിയ തുക എത്രവീതം?

ഉത്തരം

(എ) ഉണ്ട്.

(ബി) 1982-83 മുതൽ 1986-87-ൽ ഇതേവരെ ഓരോവർഷവും കാർഷിക വായ്പയ്ക്കുള്ള 5 ശതമാനം പലിശ സബ്സിഡി ഇനത്തിൽ നൽകിയ തുകയുടെ മൊത്ത കണക്ക് ഇപ്രകാരമാണ്.

1982-83— 41.450 ലക്ഷം രൂപ
1983-84—655.535 ,,
1984-85—379.810 ,,
1985-86—550.000 ,,
1986-87—420.000 ,,

അവാർഡിനർഹരാകുന്ന വികലാംഗർക്കുള്ള ആനുകൂല്യങ്ങൾ

1871 [2914] ശ്രീ. കെ. പി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര-സംസ്ഥാന അവാർഡുകൾക്ക് അർഹരാകുന്ന സർക്കാർ അദ്ധ്യാപകർക്ക് നൽകുന്ന ആനുകൂല്യങ്ങൾ അവാർഡിനർഹരാകുന്ന വികലാംഗർക്കും നൽകുന്നതിന് എന്തെങ്കിലും നടപടി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ ഏതെങ്കിലും അപേക്ഷ ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ?

ഉത്തരം

(എ, ബി) ഇല്ല.

വികലാംഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

1872 [2915] ശ്രീ. പി. വി. മുഹമ്മദ്:
,, എ. വി. അബ്ദുറഹിമാൻ ഹാജി:
,, സി. ടി. അഹമ്മദ് അലി:
,, പി. എം. അബൂബക്കർ:
,, ഇ. ടി. മുഹമ്മദ് ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly